"അക്കാദമിക മികവാണ് വിദ്യാലയ മികവ്"

# സെന്റ് ജോൺസ് എൽ.പി.എസ്

പഴിഞ്ഞം, ഉമ്മന്നൂർ പി.ഒ, വെളിയം സബ്ജില്ല
Mob: 9496738516, 9447590659



# വർണ്ണ പമ്പരം

Kuruthola Design 7293923182

## അക്കാദമിക് മാസ്റ്റർപ്ലാൻ

### സ്കൂൾതല പ്രവർത്തനങ്ങൾ

അക്കാദമിക മാസ്റ്റർപ്ലാൻ പ്രകാശനം : ശ്രീ. എസ്.ഷാജി (എ.ഇ.ഒ വെളിയം സബ്ജില്ല)

# ഉള്ളടക്കം


ആമുഖം 3

ലക്ഷ്യം 4

പദ്ധതി രൂപീകരണം
മികവിന്റെ പ്രവർത്തനങ്ങൾ 4

മധുരവായന
അക്ഷരത്തിൽ നിന്ന് എല്ലാവരും മികവിലേക്ക് 5

പ്രവർത്തനരീതി 5

ഹരിതം വിദ്യാലയം 11

ശാസ്ത്രവും ശരീരശാസ്ത്രവും 14

പ്രതീക്ഷിത നേട്ടങ്ങൾ 17

മോണിറ്ററിംഗ് സമിതി 18

ഉപസംഹാരം 18




# ആമുഖം

"ഒരു വിദ്യാലയം തുറക്കുമ്പോൾ നൂറ് കാരാഗ്രഹങ്ങൾ അടയ്ക്കപ്പെടും"
വിക്ടർ ഹ്യൂഗോ

"മനുഷ്യനിലുള്ള ആവിഷ്കാരമാണ് വിദ്യാഭ്യാസം"
സ്വാമി വിവേകാനന്ദൻ

മുകളിൽ കൊടുത്തിരിക്കുന്ന രണ്ട് വാക്യവും വിദ്യാലയത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പ്രാധാന്യത്തെ വിളിച്ചോതുന്നു. നമ്മളൊക്കെയും കാലാകാലങ്ങളിൽ യാത്ര ചെയ്യുന്നവരാണ്. യാത്രയിൽ നമുക്ക് അറിവും അനുഭവവും ഉണ്ടാകുന്നു അത്തരം ഒരു അറിവിനും അനുഭവങ്ങൾക്കുമപ്പുറം ചാക്രികമായ അറിവിന്റെ കൊടുക്കൽ വാങ്ങലുകൾക്ക് കൂടുതൽ സാധ്യതകൾ ഒരുക്കുന്ന അക്കാദമിക സ്ഥാപനമാണ് വിദ്യാലയം. ഈ ഭൂമിയിലെ അറിവിന്റെ വെളിച്ചം സാധാരണ മനുഷ്യന് പകർന്നു നൽകുന്നതിൽ നമ്മുടെ സ്കൂൾ വഹിച്ച പങ്ക് നിസ്തുലമാണ്.

1952ൽ സ്ഥാപിതമായ സെൻറ് ജോൺസ് എൽ.പി.എസ്, വാളകം വില്ലേജിൽ ഉമ്മന്നൂർ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു പഴിഞ്ഞത്ത് വീട്ടിൽ ശ്രീമാൻ ഐ.വർഗീസ് എന്ന് വ്യക്തിയാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. 70 വർഷം പഴക്കമുള്ള ഈ വിദ്യാലയത്തിൽ പ്രീപ്രൈമറി ഉൾപ്പെടെ 100 വിദ്യാർഥികളും ഹെഡ്മാസ്റ്റർ ഉൾപ്പെടെ നാല് അധ്യാപകരുമുണ്ട്. സാധാരണക്കാരായ വിദ്യാർഥികളുടെ പ്രാഥമിക വിദ്യാഭ്യാസത്തിന് അത്താണിയായിരിക്കുകയാണ് ഈ വിദ്യാലയം. പ്രത്യേകിച്ച് സ്കൂളിന് സമീപത്തുള്ള സാധാരണജനങ്ങളുടെ കുട്ടികൾക്ക് വിദ്യ അഭ്യസിക്കുന്നത് ഉള്ള ഏക വിദ്യാലയമാണിത്. പഴിഞ്ഞം പ്രദേശത്ത് നിരവധി പേർ രാജ്യത്തിനകത്തും പുറത്തും (ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചവർ) സേവനം അനുഷ്ഠിച്ചുവരുന്നു. വർഷങ്ങളായി ഈ സ്കൂളിൽ നിന്നും എൽ.എസ്.എസ് പരീക്ഷ പങ്കെടുത്ത 60 ശതമാനം കുട്ടികളും വിജയിച്ചി രുന്നു. ഇവർ സ്കൂളിന് അഭിമാനമായി തീർന്നു.

# പദ്ധതി രേഖ ലക്ഷ്യം

കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത് എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനൊപ്പം കുട്ടികളുടെ ശാരീരിക, മാനസിക വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ അവാക്യമായ ഇടപെടലുകളും ആണ് ലക്ഷ്യമിടുന്നത്. ഈ വർഷം മെയ് മാസം മുതൽ അടുത്ത അഞ്ചു വർഷക്കാലയളവിൽ നടപ്പിലാക്കുന്ന തുടർപ്രവർത്തന സാധ്യതയുള്ള പദ്ധതികളാണ് ഇവിടെ അവതരിപ്പിക്കുന്നത്.

കോവിഡാനന്തരം കുട്ടികൾക്ക് ഉണ്ടായിട്ടുള്ള പഠന വിടവുകൾ നികത്തുകയും പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യകരമാക്കുക സ്വയം ഏറ്റെടുക്കൽ മനോഭാവം വളർത്തുക, സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ വിദ്യാലയത്തിലെ വിലയിരുത്തൽ പഠനപ്രക്രിയകൾ രക്ഷകർത്താവിന്റെ പങ്കാളിത്തം ഉറപ്പുവരുത്തൽ ശാരീരികവും മാനസികവുമായ പക്വത, പച്ചപ്പിനെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

അധ്യാപകരും രക്ഷിതാക്കളും സംയുക്തമായി കുട്ടികളുടെ സമഗ്ര പുരോഗതിക്കായി ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ പ്രവർത്തന രേഖയിൽ അവതരിപ്പിക്കുന്നത്

## പ്രവർത്തന രേഖയിലെ പ്രധാന മൂന്ന് ഘട്ടങ്ങൾ

- അക്ഷരങ്ങളിൽ നിന്ന് എല്ലാവരും വീണ്ടും മികവിലേക്ക്
- ഹരിതം വിദ്യാലയം
- ശാസ്ത്രവും ശരീരശാസ്ത്രവും

കോവിഡ് മൂലം കുട്ടികളിൽ ഉണ്ടായ പഠന വിടവ് നികത്തുന്നതിനും കുട്ടികളെ സമൂഹത്തിനും നാളെയുടെ ഉത്തമ തലമുറയാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആണ് ഞങ്ങൾ ഈ മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് , അക്ഷരങ്ങളെ ചങ്ങാതിമാർ ആക്കുന്നതിനും, കുട്ടികളുടെ ശാരീരികവും കായികവും മാനസികവുമായ വിടവുകൾ പരിഹരിക്കണം മെന്ന വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശം കൂടി മുന്നിൽക്കണ്ടാണ് മാസ്റ്റർപ്ലാനിലെ മുഴുവൻ കാര്യങ്ങളും ആസൂത്രണം ചെയ്തിട്ടുള്ളത്

# മധുരവായന

അമ്മവായന കുഞ്ഞുവായന കുടുംബവായന

പരിമിതികളെ അതിജീവിച്ച് കഴിഞ്ഞ അക്കാഡമിക വർഷം അക്കാദമിക അക്കാദമികേതര കാര്യങ്ങൾ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ച് സബ്ജില്ലയിൽ തന്നെ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ ഞങ്ങൾക്ക് സാധിച്ചു. വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന ശേഷികളുടെ വികസനത്തിനും വായന നിർണായക പങ്കുവഹിക്കുന്നതിനായി പഠനം തെളിയിച്ചതാണ്. പ്രൈമറി ക്ലാസിലെ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഭാഷശേഷി വികാസം അവരുടെ അക്കാദമി നിലവാരത്തെ മാത്രമല്ല ചിന്താശേഷിയും തുടർപഠനത്തെയും സ്വാധീനിക്കുന്നു. ഭാഷാശേഷികളുടെ സമ്പൂർണ്ണ വികാസത്തിലെ അടിസ്ഥാന ഘടകമാണ് വായന. ചെറുപ്രായത്തിൽ തന്നെ കുട്ടികളിൽ വായനയുടെ സംസ്കാരം രൂപപ്പെടുത്താൻ കഴിയുന്നത് അവരുടെ പഠനത്തെയും ജീവിതത്തെയും കാര്യമായി സ്വാധീനിക്കുന്നു.

പഠനത്തിലെന്ന പോലെകുട്ടികളിൽ വായനയുടെ സംസ്കാരം രൂപപ്പെടുത്തുന്നതിൽ വീടിനും രക്ഷകർത്താവിനും ഒഴിച്ചുകൂടാനാവാത്ത പങ്കുണ്ട്. വിദ്യാലയത്തിൽ നടത്തുന്ന സ്വതന്ത്ര വായന പരിപോഷണ പരിപാടികൾ രക്ഷകർത്താക്കളുടെയും ഗൃഹാന്തരീക്ഷത്തിലും സഹായമില്ലാത്തതിനാൽ തുടർച്ചയും വളർച്ചയും ലഭിക്കാതെ പോയതിനാലാണ് രക്ഷിതാക്കളുടെയും ഗൃഹാന്തരീക്ഷത്തിന്റെയും സഹായത്തോടുകൂടി വായനാ പരിപോഷണ പദ്ധതികൾ ഞങ്ങൾ പ്ലാൻ ചെയ്തത്. രക്ഷിതാക്കളുടെയും വീടിന്റെയും ഉൾച്ചേർന്നുകൊണ്ട് കുട്ടികളുടെ സമഗ്ര വായന വികാസത്തിനുള്ള അമ്മവായന കുഞ്ഞുവായന കുടുംബവായന എന്ന കർമ്മപദ്ധതിയാണ് ഞങ്ങൾ നടപ്പിലാക്കുന്നത്...

## പ്രവർത്തനരീതി

കുട്ടികളുടെ വായനയ്ക്ക് രക്ഷിതാക്കളെ കൂടി പിന്തുണ ആവശ്യമായതിനാൽ രക്ഷിതാക്കളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് അമ്മവായന , കുഞ്ഞുവായന കുടുംബവായന എന്ന പേരിൽ അധ്യായന വർഷത്തെ മികവ് പ്രവർത്തനമായി തന്നെയാണ് ഞങ്ങൾ ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി വീടുകളിൽ ഹോം ലൈബ്രറി സജ്ജീകരിച്ച് വീട്ടിലും നാട്ടിലും വായനയുടെ മധുരത്തിലേക്ക് എത്തിക്കുക എന്നതാണ് ആത്യന്തികമായ ലക്ഷ്യം.

ഇതിന്റെ ഭാഗമായി വായന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചിത്ര കാർഡുകളും വായന കാർഡുകളും നിർമ്മിക്കുകയും അവ ഹോം ലൈബ്രറിയിൽ പ്രദർശിപ്പിക്കുന്നതിനും രക്ഷിതാക്കൾക്കും കുട്ടികൾക്കും വായിക്കുന്നതിനും അവസരം ഒരുക്കുന്നു.

കുട്ടികളെ ആദ്യമായി ഈ പദ്ധതിയിലേക്ക് എത്തിക്കുന്നതിന് ഭാഗമായി ചിത്രങ്ങൾ മാത്രമുള്ള കാർഡുകളും തുടർന്ന് വായനയ്ക്ക് പരിമിതമായ ടെക്സ്റ്റുകൾ മാത്രമുള്ള കാർഡുകൾ പരമാവധി വായന സാധ്യതയുള്ള കാർഡുകൾ എന്നിങ്ങനെ മൂന്നു തരത്തിലുള്ള കാർഡുകൾ ആണ് തയ്യാറാക്കുന്നത്..
കേവലം പരിഹാരബോധനത്തിൽ അപ്പുറം കുട്ടികളുടെ ചിന്തയെ ഉണർത്തി സമഗ്രമായ വളർച്ച ഉൾക്കൊള്ളുകയാണ് ഇത്തരം കാർഡുകളിലൂടെ നടത്തുന്നത്.

പ്രവർത്തന പരിപാടിയുടെ ആദ്യ മാസത്തിൽ തന്നെ രക്ഷിതാവിന് മാതൃകാ ക്ലാസ് നൽകുകയും ശേഷം കുട്ടിയെഴുത്തുകൾ ടീച്ചർ എടുത്ത് പരിശോധിക്കുകും കുട്ടി സ്വയം വിലയിരുത്തൽ നടത്തുകയും, അധ്യാപകൻ പ്രോത്സാഹനം നൽകി വ്യക്തിപരമായി ശ്രദ്ധ നൽകുകയും കൂടുതൽ ശ്രദ്ധ ആവശ്യമുള്ളവർക്ക് കൂടുതൽ ശ്രദ്ധ നൽകി രക്ഷിതാക്കളുമായി നിരന്തരം ആശയവിനിമയം നടത്തുകയും ചെയ്യുന്നു. ഓരോ പ്രവർത്തനങ്ങൾക്ക് ശേഷവും ഉണ്ടായ ഉൽപന്നങ്ങൾ അവരവർ തന്നെ സൂക്ഷിക്കുവാനും അവസാനം സ്കൂളിലെത്തി ഒരു പൊതുപ്രദർ ശനമായി നടത്തുവാനും തീരുമാനിച്ചിരിക്കുന്നു.

കൂടാതെ വീടുകളിൽ ഒരുക്കിയ ലൈബ്രറിയിലെ പുസ്തകങ്ങളുടെ വായന ഉറപ്പുവരുത്തുന്നതിനായി വിദ്യാലയത്തിന്റെ നേതൃത്വത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നതാണ്. രക്ഷിതാക്കളെയും കുട്ടികളെയും വായനയിലേക്ക് നയിക്കാൻ വായനയ്ക്കുള്ള സാഹചര്യം ഒരുക്കൽ പ്രോത്സാഹനം തുടങ്ങിയ വിദ്യാലയത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുകയും ചെയ്യും. പദ്ധതി ആരംഭിച്ച ശേഷം എല്ലാ വെള്ളിയാഴ്ചയും സ്കൂളിൽ അനുബന്ധമായ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യും. കുട്ടികളെ വായനയിലേക്ക് നയിക്കുന്നതിന് അതത് വിഷയങ്ങളിലെ ക്ലാസിലെ ക്ലാസ് പിടിഎ യോഗങ്ങൾ ഉപയോഗപ്പെടുത്തി വായനക്കുറിപ്പുകൾ തയ്യാറാക്കാൻ പ്രത്യേകം നിർദ്ദേശവും പരിശീലനവും നൽകൽ, വിദ്യാർത്ഥികൾക്കും രക്ഷിതാക്കളും ഇത്തരത്തിൽ തയ്യാറാക്കിയ വായനക്കുറിപ്പ് വിദ്യാലയത്തിൽ നേതൃത്വത്തിൽ ശേഖരിക്കുകയും പ്രത്യേകം പുസ്തകമായി പ്രസിദ്ധീകരിക്കുകയും ചെയ്യും കൂടാതെ വായന അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിൽ വിദ്യാർഥികൾക്ക് ക്ലാസ് റൂം അസംബ്ലിയിലും അവസരം

നൽകുകയും രക്ഷിതാക്കൾക്ക് തങ്ങളുടെ വായനാ അനുഭവങ്ങൾ പങ്കുവയ്ക്കാൻ ക്ലാസ് യോഗങ്ങൾ അവസരം നൽകുന്നു.

കൂടാതെ ഞങ്ങൾ നടത്തുന്ന ദിനാചരണങ്ങൾ ഭാഷാ പഠനത്തിൽ വലിയ സ്ഥാന മാണുള്ളത്. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കുട്ടികളുടെ ചിന്തകൾ വളരെ വലുതാണ് ഇത്തരത്തിലുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന ചർച്ചകളിലും പരിപാടികളിലും കുട്ടിയുടെ സർഗാത്മകത വളർത്തുന്ന രീതിയിലുള്ള രചനകൾക്ക് അവസരം നൽകുകയും കഥകളും കവിതകളും ലേഖനങ്ങളും കുട്ടികളെക്കൊണ്ട് എഴുതിയിരിക്കാൻ അവസരം നൽകുകയും ചെയ്യുന്നു. പത്ര കട്ടിങ്ങുകൾ, ചിത്രങ്ങൾ, ക്ലിപ്പിങ്ങുകൾ എന്നിവ നൽകി കുട്ടികൾക്ക് സ്വതന്ത്രമായി ചിന്തിക്കുവാനും അവയെ വിശകലനം ചെയ്ത് എഴുതുവാനും അവസരം നൽകുകയും ചെയ്യുന്നു. സർഗാത്മ രചനകളെ ക്ലാസ് റൂം എഡിറ്റിങ്ങിലൂടെ മെച്ചപ്പെടുത്തി കയ്യെഴുത്തു മാഗസിനുകളും നാനോ മാഗസിനുകളും പ്രിന്റഡ് മാഗസിനുകളെ പുറത്തിറക്കുമ്പോൾ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിക്കുകയും ചെയ്യും.

ഇത്തരത്തിൽ സ്കൂൾ മാഗസിനുകൾ പുറത്തിറക്കുന്നത് കൂടാതെ ജൂൺമാസം മുതൽ ഫെബ്രുവരി മാസം വരെ കുട്ടി ക്ലാസിൽ നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെട്ട ഉത്പന്നങ്ങൾ മെച്ചപ്പെടുത്തി പേപ്പറിൽ എഴുതി ഫയൽ ചെയ്ത് വർഷാവസാനം ഈ പേജുകൾ ചേർത്ത് ബൈൻഡ് ചെയ്ത് ഓരോ കുട്ടിക്കും ഒരു പഠന സ്മരണ പുറത്തിറക്കുന്നു. ശിശുദിനത്തിൽ കുട്ടി ഭാവിയിൽ ആരാവണമെന്ന് ആഗ്രഹിക്കുന്നുവോ ആ വേഷം ധരിച്ച് കുട്ടി സ്കൂളിൽ എത്തുകയും ആ ഫോട്ടോയെടുത്ത് കുട്ടിയുടെ പഠന സ്മരണയുടെ മുഖചിത്രം ആക്കുകയും ചെയ്യും.

ഇത്തരത്തിൽ നടപ്പിലാക്കുമ്പോൾ കുട്ടി ഒരു പുസ്തകരചയിതാവ് എന്ന് ഉയർന്ന തലത്തിലേക്ക് എത്തുകയും ചെയ്യും. കുട്ടിയുടെ സർഗാത്മ രചന ഇതൊരു പുത്തൻ ഉണർവായി മാറുകയും ചെയ്യും.

അമ്മ വായന കുഞ്ഞുവായന കുടുംബ വായന എന്ന പേരിൽ ഈ ഗ്രാമത്തിൽ മുഴുവൻ വായനയുടെ സംസ്കാരം രൂപപ്പെടുത്താൻ ഞങ്ങൾ ഈ പദ്ധതി കൊണ്ട് ആഗ്രഹിക്കുന്നു..

## ഭാഷ വികസനത്തിനുള്ള മറ്റ് പ്രവർത്തനങ്ങൾ

കുഞ്ഞു മലയാളം മാതൃകയിൽ ബാക്കി എല്ലാ ഭാഷാ മികവിനുള്ള മൊഡ്യൂൾ തയ്യാറാക്കൽ. ഒന്നാം തരം മുതൽ ഹിന്ദി ഭാഷ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.

## നന്മൊഴി മലയാളം

- അക്ഷര ഘടനയും ഉച്ചാരണവും ഉറപ്പിക്കാൻ അക്ഷര കാർഡുകൾ
- അക്ഷരം ഉറപ്പിക്കൽ
- ചിഹ്നം ഉറപ്പിക്കൽ
- അക്ഷരകാർഡുകൾ, പദകാർഡുകൾ ഇവ ഉപയോഗിച്ച് വാക്കുകളും വാക്യങ്ങളും നിർമ്മിക്കൽ.
- ചിത്രവായന
- അടിക്കുറിപ്പ് നൽകൽ
- കഥാപൂരണം
- കവിതാപൂരണം
- ചിത്രങ്ങൾ പ്രദർശിപ്പിച്ച് വാക്യങ്ങൾ എഴുതൽ

## അധ്യയന  വർഷത്തിലെ ആദ്യ മൂന്നുമാസത്തെ ലക്ഷ്യം

- നല്ല വായന നല്ല എഴുത്ത്
- ദിനാചരണങ്ങൾ
- കുട്ടിയെ മികച്ച വായനക്കാരനാക്കൽ
- ക്ലബ് രൂപീകരണം
- ഭാഷാകൈയ്യെഴുത്ത് മാഗസിൻ,
- ചുമർ പത്രിക
- ഭാഷാദിനാചരണങ്ങളിൽ അതത് ഭാഷകളിൽ തന്നെ സംവദിക്കുക.
- ക്ലാസ്സ് വായനാക്കൂട്ടം രൂപീകരണം
- ക്ലാസ്സിലൊരു വായനാമൂല
- ക്ലാസ്സ് ലൈബ്രറി
- വായനാക്കുറിപ്പ് അവതരണം
- വായനാനുഭവങ്ങൾ പങ്കു വയ്ക്കൽ

വിടരുന്ന ഭാവന
കുട്ടിയെ മികച്ച എഴുത്തുകാരനാക്കൽ

- എഴുത്തുകൂട്ടം രൂപീകരണം
- വായനാസമിതി രൂപീകരണം
- വായനാക്കുറിപ്പ്
- ആസ്വാദനക്കുറിപ്പ്
- ക്ലാസ്സ് വാരിക
- ക്ലാസ്സ് മാസിക
- ക്ലാസ്സ് വാർഷികപ്പതിപ്പ്
- പൊതുവേദികളിൽ നന്നായി സംസാരിക്കാനുള്ള കഴിവ്
- സംവാദം
- അഭിമുഖം
- സർഗാത്മക രചനകളുടെ പതിപ്പ്
- ഭാഷാ പ്രോജക്ട്
- മികച്ച എഴുത്തുകാരന് സർഗശ്രീ പുരസ്കാരം

സിലബസ്സിനനുസരിച്ച പ്രവർത്തനം മുന്നോറ്റ് പോകുന്നുവെന്ന് ഇൻ ചാർജ് അധ്യാപികയുടെ മോണിറ്ററിങ്ങ്, എസ്.ആർ.ജി യിൽ റിപ്പോർട്ട് അവതരിപ്പിച്ച് തുടർ ആസൂത്രണം ചെയ്യുന്നതാണ്.

## ലക്ഷ്യപ്രാപ്തിക്കായ് നടത്തുന്നത്

- ഭാഷാ ഫെസ്റ്റ്
- ഡോക്യുമെന്ററി ഫിലിം പ്രദർശനം
- നാടക അവതരണം
- ഭാഷാവിദഗ്ധരുമായി സംവാദം
- കഥയരങ്ങ്
- കവിതയരങ്ങ്
- നാടകക്കളരി
- നാടൻപാട്ട് ശിൽപശാല
- സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി

- സാഹിത്യകാരന്മാരുടെ ഫോട്ടോകൾ സ്ഥാപിക്കൽ
- സ്ക്കൂൾ വാരിക
- സ്ക്കൂൾ മാസിക
- വാർഷികപ്പതിപ്പ്
- പത്രമാസികകൾ
- അഭിമുഖങ്ങൾ
- സാഹിത്യസദസ്സ്

## പഠനനേട്ടം കിട്ടാത്തവർക്കായ്

1 മുതൽ 4 വരെയുള്ള കുട്ടികളെ വിലയിരുത്തുന്നു, അക്ഷരങ്ങൾ, ലേഖനങ്ങൾ വിലയിരത്തുന്നു. പ്രത്യേക പരിശീലനം നൽകുന്നു. അധ്യാപകർ ഗ്രൂപ്പ് പ്രവർത്തനങ്ങൾ നടത്തുന്നു

# ഹരിതം മധുരം

ജൈവവൈവിധ്യം ഭൂമിയിലെ എല്ലാ ജീവജാലങ്ങളും തമ്മിലുള്ള പരസ്പര ബന്ധം ആണ്. ഇത് മനുഷ്യ ജീവിതത്തിൽ നിന്നും തികച്ചും അകന്നു നിൽക്കുന്നതാണെന്ന മിഥ്യധാരണ ഇന്നുണ്ട്. സസ്യങ്ങളും മൃഗങ്ങളും മനുഷ്യരും പരസ്പരം ആശ്രയിച്ചാണ് കഴിയുന്നതെന്ന ബോധം വിദ്യാർത്ഥികളിൽ രൂഢമൂലമാകുമ്പോഴാണ് ഭൂമിയിൽ ജീവന്റെ സുരക്ഷിതത്വം ഉറപ്പാക്കുന്നത്. ചെറുപ്രായത്തിൽ തന്നെ പ്രകൃതിയെ സ്നേഹിക്കാതെ പോയ ഒരു തലമുറ വളർന്നു വന്നതാണ് ഇന്ന് പ്രകൃതി നേരിടുന്ന ഏറ്റവും വലിയ ദുരന്തം.

വിദ്യാഭ്യാസം നല്ല കാഴ്ചപാടുകൾ വളർത്താനുള്ളതാണെന്നും അത് ജീവിതത്തിൽ പകർത്തുമ്പോൾ ആണ് വിദ്യാഭ്യാസ ലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നതും എന്ന ബോധ്യത്തോടെ ഞങ്ങൾ നടപ്പിലാക്കാൻ പോകുന്ന ഒരു പ്രൊജക്റ്റ് ആണ് ഇത്. ഈ വിദ്യാലയത്തിലെ ഓരോ വിദ്യാർത്ഥിയുടെയും ചിന്തകൾ പ്രകൃതി സൗഹാർദപരമായിരിക്കണം എന്ന കാഴ്ചപ്പാടാണ് ഈ പ്രോജക്ടിന് പിന്നിലുള്ളത്.

## ഞങ്ങളുടെ നിലവിലെ പ്രശ്നങ്ങൾ

- വിദ്യാർത്ഥികൾക്ക് പരിസരസംരക്ഷണ ബോധം പ്രദാനം ചെയ്യാൻ പാകത്തിലുള്ള സാഹചര്യങ്ങൾ വിദ്യാലയത്തിൽ നിലവിലില്ല.
- വിദ്യാലയ പരിസരം ഹരിതാഭവമല്ല
- സസ്യങ്ങളുടെ വൈവിധ്യം വിദ്യാലയത്തിൽ നിലവിലില്ല.
- ആവാസവ്യവസ്ഥ കുട്ടികൾക്ക് നേരിട്ട് പരിചയപ്പെടാനുള്ള സാഹചര്യം നിലവിലില്ല.
- ജലസംരക്ഷണ ബോധം വളർന്നു വരാനുള്ള സാഹചര്യം നിലവിലില്ല.
- പ്രകൃതിസൗഹാർദ്ദപരമായ ഒരു ജീവിതശൈലി കുട്ടികൾക്ക് പരിചിതമല്ല.
- മണ്ണും മനുഷ്യനും തമ്മിലുള്ള ആഴത്തിലുള്ള ബന്ധം തിരിച്ചറിയുന്നില്ല.
- എല്ലാ ജീവജാലങ്ങളും ഭൂമിയുടെ തുല്യ അവകാശികളാണെന്നുള്ള ധാരണക്കുറവ്.
- പരിസര ശുചിത്വബോധത്തിലുള്ള കുറവ്.
- പ്ലാസ്റ്റിക് പ്രകൃതിക്കും ജീവജാലങ്ങൾക്കും ഭീഷണിയാണെന്നുള്ള ചിന്ത വളരേണ്ടതുണ്ട്.

**സ്കൂൾ പരിസരം ഹരിതാഭം ആക്കുന്നതിനും കുട്ടികളിൽ പ്രകൃതി സംരക്ഷണത്തിന്റെ നന്മപാഠങ്ങൾ എത്തിക്കുന്നതിനു ദീർഘകാലമായും ഹ്രസ്വകാലമായും ഞങ്ങൾ വേണ്ടി  നടത്തുന്ന പ്രവർത്തനങ്ങൾ.**

## അക്ഷരവൃക്ഷം പദ്ധതി

എഴുത്തുകാരുടെ ജന്മദിനത്തിൽ സ്കൂൾ പരിസരത്തും ഉമ്മന്നൂരിന്റെ വിവിധ പ്രദേശങ്ങളിലും ഫലവൃക്ഷങ്ങളും മറ്റ് ഔഷധസസ്യങ്ങളും നട്ടു പരിപാലിപ്പിക്കുന്ന പദ്ധതി. ഒരു വർഷം നീണ്ടുനിൽക്കുന്ന ഈ പദ്ധതി ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിന്റെയും മറ്റ് സന്നദ്ധ സംഘടനകളുടെയും സഹായസഹകരണങ്ങളോടുകൂടിയാണ് നടത്തുന്നത്. ഒരു പഞ്ചായത്തിൽ മുഴുവൻ പച്ചപ്പിന്റെ സംസ്കാരം വിടർത്തുന്നതിനും  നമ്മുടെ എഴുത്തുകാരെ കുറിച്ച് നാടിന് അവബോധം ഉണർത്തുന്നതിനും ഇത്തരം ഒരു പദ്ധതിയിലൂടെ ഞങ്ങൾക്ക് കഴിയും ദീർഘാട് കാല അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതി ഹരിത സംസ്കാരം സ്കൂളിലും നാട്ടിലും എന്ന മുദ്രാവാക്യത്തോടുകൂടിയാണ് നടപ്പിലാക്കുന്നത്.

## നക്ഷത്ര വനം

ജന്മനക്ഷത്രമായി ബന്ധമുള്ള ചെടി കണ്ടെത്തുന്നു വിദ്യാലയ പരിസരത്തോ വീട്ടിലോ നടുന്നു, പരിപാലനം. (ദീർഘകാല അടിസ്ഥാനത്തിൽ)
ഓരോ ആഴ്ചയും ചെടിയുടെ വളർച്ച നിരീക്ഷിക്കുന്നു
ഓരോ ഗ്രൂപ്പിന്റെയും പ്രവർത്തനം ചർച്ച  ചെയ്യുന്നു

## വന പർവ്വം

വിദ്യാലയത്തിൽ പല സ്ഥലങ്ങളിലായി നിർമ്മിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ ഒരു പ്രത്യേക സ്ഥലത്തു പുനർനിർമിക്കുന്നു. (ദീർഘകാല അടിസ്ഥാനത്തിൽ)

| | |
|---|---|
| പൂമ്പാറ്റത്തോട്ടം | മുളത്തോട്ടം |
| ഔഷധത്തോട്ടം | കൃത്രിമക്കുളം |
| പാറക്കെട്ടുകൾ | കുന്നുകൾ |
| പുൽത്തകിട് | |

## തുടർ പ്രവർത്തനങ്ങൾ

- ഔഷധത്തോട്ട നിർമ്മാണം
- ഔഷധസസ്യങ്ങളുടെ പ്രാധാന്യത്തെ കുറിച്ച് ക്ലാസ്
- നാട് ചുറ്റൽ സർവ്വേ
- ചെടികളെ വേർതിരിക്കാൻ
- ചെടികളുടെ ശേഖരണം
- തോട്ടനിർമാണം പരിപാലനം
- തുടർക്ലാസ്സുകൾ
- ഔഷധച്ചെടികൾ ഉപയോഗിച്ച് വിഭവങ്ങൾ തയ്യാറാക്കൽ

വിദഗ്ദരുടെ തുടർ മേൽനോട്ടത്തിൽ പ്രവർത്തനം, അവലോകനം.
കുട്ടികളുമായ് തുറന്ന ചർച്ച.
തുടർ പ്രവർത്തനം ആസൂത്രണം ചെയ്യൽ

ഗൃഹ സംദർശനം, വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ പ്രവർത്തനം, അവലോകനം.
രക്ഷിതാക്കൾക്കുള്ള പിന്തുണ നൽകുന്നു.
അധ്യാപികയുടെ മേൽനോട്ടത്തിൽ ഡയറി എഴുത്ത്.

# ശാസ്ത്രവും ശരീരശാസ്ത്രവും

കോവിഡിന്ശേഷം കുട്ടികൾക്കുണ്ടായ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾക്ക് ഉള്ള പരിഹാരം എന്ന നിലയിൽ ഗവൺമെന്റ് നിർദ്ദേശപ്രകാരമുള്ള ആരോഗ്യ കായിക വിദ്യാഭ്യാസത്തിലൂടെയുള്ള പ്രവർത്തനങ്ങൾ ഇവിടെ ഞങ്ങൾ നടത്തുന്നത് കുട്ടികളുടെ ഭാവിജീവിതം സുരക്ഷിതവും സുസ്ഥിരവും ആക്കുന്നതിന് വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായി അവരുടെ കായികവും മാനസികവും സാമൂഹികവും വൈകാരികവുമായ വികാസത്തിന് പ്രഥമ പരിഗണന നൽകേണ്ടതുണ്ട്. കർമ്മോത്സുകമായ കായിക വിനോദത്തിലും കളികളിലും ഏർപ്പെടാനുള്ള താല്പര്യം എന്നിവ പ്രൈമറി ഘട്ടത്തിലെ കുട്ടികളുടെ പ്രകൃതമാണ് എന്നാൽ നിലവിൽ പഠനബോധന പ്രക്രിയകളുടെ ഭാഗമായി വിദ്യാലയങ്ങൾ കുട്ടികൾക്ക് കളികളിലും മറ്റു വിനോദങ്ങളിലും ഏർപ്പെടാനുള്ള അവസരങ്ങൾ കുറവാണ്.

പരിശീലന കുറവ് കായിക അധ്യാപകർ ഇല്ലാത്ത അവസ്ഥ കളി സ്ഥലത്തിന്റെ കുറവ് കളിപ്പാട്ടങ്ങളുടെ കളി ഉപകരണങ്ങളുടെയും അഭാവം രക്ഷിതാക്കളുടെ സഹകരണ കുറവ് എന്നിവ കുട്ടികൾക്ക് കളിയിലും മറ്റ് കായിക വിനോദങ്ങളും ഏർപ്പെടാനുള്ള  തടസ്സമായി നിൽക്കുന്നു. ഭാവി തലമുറയുടെ ആരോഗ്യകായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് കാലഘട്ടത്തിന്റെ അനിവാര്യതയാണ് ജീവിതശൈലി രോഗങ്ങൾ ഉൾപ്പെടെ കേരളമിന്ന് അഭിമുഖീകരിക്കുന്ന പല ആരോഗ്യ പ്രശ്നങ്ങളും ലഘൂകരിക്കാനും പരിഹരിക്കാനും മികച്ച ആരോഗ്യ കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ സാധിക്കും. നിങ്ങളുടെ സ്കൂളിലെ കുട്ടികളുടെ ആരോഗ്യ കായിക ക്ഷമത മെച്ചപ്പെടുത്തുന്നതിന് ഞങ്ങൾ നടപ്പിലാക്കുന്ന പദ്ധതിയാണ് ശാസ്ത്രവും ശരീരശാസ്ത്രവും.

മുൻകൂട്ടി തയ്യാറാക്കിയ പരിശീലനം മൊഡ്യൂളിന്റെ  അടിസ്ഥാനത്തിൽ തന്നെയാണ് ഞങ്ങൾ ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. ആരോഗ്യ വിദ്യാഭ്യാസ ത്തോടൊപ്പം ശാസ്ത്രത്തിന്റെ ആസ്വാദ്യതലം തിരിച്ചറിയാൻ കഴിയുന്ന തരത്തിൽ ഓരോ കുട്ടിയും വളരുവാൻ അനുയോജ്യമായ പഠനാന്തരീക്ഷം കുട്ടികൾക്ക് ഒരുക്കുകയാണ് ഈ പദ്ധതിയിലൂടെ.

കായിക വിദ്യാഭ്യാസത്തോടൊപ്പം പഞ്ചേന്ദ്രിയങ്ങളിലൂടെയുള്ള  അറിവ് നിർമ്മാണം പരിസര പഠനത്തിന്റെ കാതലാണ്. തൊട്ടും രുചിച്ചും മണത്തും കണ്ടും കേട്ടും അറിഞ്ഞു വളരാൻ അവർക്ക് ധാരാളം അനുഭവങ്ങൾ ഒരുക്കേണ്ടതുണ്ട്.

ഒരു പ്രശ്നത്തെ അഭിമുഖീകരിക്കുമ്പോൾ തന്റേതായ ഊഹം കുറിക്കുവാനും പരീക്ഷണം നിരീക്ഷണം വർഗീകരണം ശാസ്ത്രീയമായി രേഖപ്പെടുത്തൽ അപഗ്രഥനം നിഗമനം രൂപീകരിക്കൽ തുടങ്ങിയ പ്രക്രിയശേഷികളുടെ പ്രശ്നപരിഹരണം സ്വയം സാധ്യമാക്കുന്നതിനും അവസരം ലഭിക്കണം. ഇത്തരം ശാസ്ത്രീയ കഴിവുകൾ കുട്ടികൾ വികസിപ്പിക്കുന്നതിന് നാം പ്രഥമ പരിഗണന നൽകണം ഇതിനായി ഓരോ കുട്ടികൾക്കും താൽപര്യപൂർവ്വം പഠനത്തിലേക്ക് ഇടപെട്ട് മുന്നേറാനുള്ള അവസരങ്ങൾ ഒരുക്കുകയാണ് നമ്മുടെ ഈ പ്രവർത്തനത്തിലൂടെയുള്ള ലക്ഷ്യം.

# പ്രവർത്തനരീതി

- ആരോഗ്യ കായിക വിദ്യാഭ്യാസം സ്കൂളിൽ നടപ്പിലാക്കുന്നതിനായി ഒന്നു മുതൽ നാലു വരെ ക്ലാസിലെ കുട്ടികളുടെ പഠന പ്രവർത്തനങ്ങളിൽ ആരോഗ്യ വിദ്യാഭ്യാസത്തിനും ശാസ്ത്രരംഗതിനും പ്രത്യേക പരിഗണന നൽകുന്നുണ്ട്.

- ആദ്യമായി ആരോഗ്യ വിദ്യാഭ്യാസത്തിൽ കുട്ടികളുടെ ചലന നൈപുണികൾ വികസിപ്പിക്കുകയാണ് ചെയ്യുന്നത്.

- ശരീരത്തെ കുറിച്ചുള്ള അറിവ് പ്രവർത്തനം ചെയ്യാൻ ആവശ്യമായ സ്ഥലത്തെക്കുറിച്ചുള്ള അറിവ് ചലനത്തിന്റെ സവിശേഷതകൾ എന്നിവ കുട്ടിക്ക് മനസ്സിലാക്കി കൊടുക്കുന്നു

- തുടർന്ന് അവരുടെ അടിസ്ഥാന ശേഷികൾ വികസിപ്പിക്കുകയാണ്.
    - ഓട്ടം
    - ചാട്ടം
    - ഒറ്റക്കാൽ ചാട്ടം
    - തവളച്ചാട്ടം
    - വളക്കലും   നിവർത്തനം
    - തള്ളുക   വലിക്കുക
    - ആടുക   ചാടുക
    - തിരിയുക   കറങ്ങുക

- ഇത്രയും അടിസ്ഥാന പ്രവർത്തനങ്ങൾ നിരന്തരം ചെയ്ത് കുട്ടികളുടെ ശാരീരികമായ വികാസമാണ് ആദ്യം.

- ശേഷം മുൻകൂട്ടിയുള്ള മൊഡ്യൂൾ പകാരം കുട്ടികളുടെ ചലനാത്മകത വർധിപ്പിക്കുന്നതിനായി വിവിധതരത്തിലുള്ള പ്രവർത്തനങ്ങളും ദീർഘകാല അടിസ്ഥാനത്തിൽ ചെയ്യുന്നു.

# പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

- കുട്ടികളുടെ പഠനം ക്ലാസ് മുറിയുടെ അകച്ചുവരികളിൽ നിന്നും പുറം ലോകത്തിലേക്ക് എത്തിക്കുക.

- പൊതു സമൂഹത്തെ വിദ്യാലയത്തോടുകൂടി കൂടുതൽ അടുപ്പിക്കുക.

- എഴുത്തിലും വായനയിലും ഉള്ള പിന്നോക്ക പരിഹരിക്കുക.

- കൂടുതൽ അറിയുവാനും ചിന്തിക്കുവാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുക.

- കുട്ടികൾ ഉണ്ടാക്കുന്ന പുസ്തകങ്ങളെ കുട്ടികളുടെ ആദ്യകാല വായനാ സാമഗ്രികളാആക്കുക.

- കുട്ടികളെ എഴുത്തുകാരായി മാറ്റുക

- അധ്യാപക രക്ഷകർത്യ ബന്ധം ഈടുറ്റത് ആക്കുന്നതിനും രക്ഷകർത്താവ് കുട്ടിയുടെ വിദ്യാഭ്യാസത്തിന്റെ ഒരു ഭാഗമാണെന്ന് തിരിച്ചറിവ് ബോധ്യപ്പെടുത്തുന്ന തിനും കൂട്ടായ പ്രവർത്തനങ്ങളുടെ കുട്ടികളുടെ മികവുകൾ മെച്ചപ്പെടുത്തുന്ന തിനും അവസരം ഒരുക്കുക.

- കുട്ടികളിൽ ശാസ്ത്ര ബോധം വളർത്തുക

- മുഴുവൻ കുട്ടികളിലും അക്കാലിക നിലവാരം ഉയർത്തുന്നത് പോലെ തന്നെ അവരുടെ വായനസംസ്കാരം വർദ്ധിപ്പിക്കുകയും ചെയ്യുക.

- എല്ലാ വീട്ടിലും ഹോം ലൈബ്രറി.
  പഞ്ചായത്തിൽ മുഴുവൻ വായനയുടെ സംസ്കാരം വ്യാപിപ്പിക്കുക.

- മലയാളം പോലെതന്നെ മറ്റ് ഭാഷകളും കൈകാര്യം ചെയ്യാൻ ഉള്ള കഴിവ്

- കുട്ടികളുടെ ആരോഗ്യ ക്ഷമത വർദ്ധിപ്പിക്കുന്നതിനും ആരോഗ്യത്തെക്കുറിച്ചുള്ള പ്രാഥമിക അറിവുകൾ എല്ലാവരിലും എത്തിക്കുക.

- ഐ. ടി സാങ്കേതികയിലുള്ള പരിജ്ഞാനം വർദ്ധിപ്പിക്കുക.

# മോണിറ്ററിംഗ് സമിതി

- പഞ്ചായത്ത് പ്രസിഡന്റ്
- വൈസ് പ്രസിഡന്റ്
- വാർഡ് മെമ്പർ
- SRG
- ഹെഡ്മാസ്റ്റർ
- മറ്റ് അധ്യാപകർ
- പിടിഎ
- സ്കൂൾ വികസന സമിതി അംഗങ്ങൾ

ചേർന്ന കമ്മിറ്റി

# ഉപസംഹാരം

അനന്യമായ വിദ്യാഭ്യാസ മാതൃകകൾ സൃഷ്ടിക്കുന്നതിനുള്ള ധീരമായ പ്രവർത്തനം ഞങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഓരോ വിദ്യാർത്ഥികളുടെയും അവരവരുടെ കഴിവിന്റെ പാരമ്പര്യയിൽ എത്തിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. നാളെയുടെ സമൂഹത്തിന്റെ സൃഷ്ടാക്കൾ എന്ന നിലയിൽ ഞങ്ങളെ ഈ പ്രവർത്തനം വളരെ ആഘോഷപൂർവ്വം ആണ് ഏറ്റെടുക്കുന്നത്. വിദ്യാലയത്തിൽ ആകെ പ്രതീക്ഷാനിർഭരമായ പ്രവർത്തനങ്ങൾ നടത്തി പൊതു വിദ്യാലയങ്ങൾ കരുത്തു പകരാൻ ഞങ്ങൾ അണിചേരും.